## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 08.03.2023 മുതൽ 12.03.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 10/2023,(19) ചൊവ്വാഴ്ച | തീയ്യതി 07/03/2023 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| ( 0.0) | (35.4-37.1) | (20.0-25.4) | (38-73) | (17-37) | (3.6-7.4) | (9.2 -10.8) | (6.8-9.6) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 08.03.2023 | 09.03.2023 | 10.03.2023 | 11.03.2023 | 12.03.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 37 | 37 | 37 | 36 | 36 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 20 | 20 | 20 | 20 | 20 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 8 | 8 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 230 | 230 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 2 | 2 | 3 | 2 | 3 |

**കാലാവസ്ഥാ അറിയിപ്പ്:** വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്ന് മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –പുഞ്ച അടിക്കണ പരുവം | വളപ്രയോഗം | മൂപ്പ് കുറഞ്ഞ ഇനങ്ങൾക്ക് അടിക്കണ പരുവത്തിൽ ഒരേക്കറിന് 25 കിലോഗ്രാം യൂറിയ, 15 കിലോഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്നീ തോതിൽ രാസ വളങ്ങൾ ഇട്ടുകൊടുക്കാവുന്നതാണ് . |
| തെങ്ങ് | വെള്ളീച്ച | വരണ്ട കാലാവസ്ഥയിൽ തൈതെങ്ങോലകളിൽ കാണുന്ന വെള്ളീച്ചകളെ നിയന്ത്രിക്കാൻ പ്രകൃതിയിൽ മിത്രകീടങ്ങൾ ഉള്ളതിനാൽ കീടനാശിനിപ്രയോഗം ഒഴിവാക്കുക. വെള്ളീച്ചകളുടെ ആക്രമണം രൂക്ഷമായുകയാണെങ്കിൽ 2 % വീര്യം ഉള്ള വേപ്പെണ്ണ എമല്ഷൻ ഇലകളിൽ പതിയത്തക്കവണ്ണം തളിച്ചുകൊടുക്കാവുന്നതാണ്. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസിലിയം ലക്കാനി എന്ന മിത്രകുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക . |
| പച്ചക്കറികൾ (പാവൽ) | കുരുടിപ്പ് | അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ പാവലിൽ വൈറസ് മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. കുരുടിപ്പ് രോഗം പടർത്തുന്ന ചെറു പ്രാണികളെ നശിപ്പിക്കാൻ ഡൈമെത്തോയേറ്റ് 0.05 ശതമാനം (0.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിച്ച് കൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ ചെടികൾ വേരോടെ പിഴുത് നശിപ്പിക്കുക |

മൃഗസംരക്ഷണം -: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാൻ വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).